## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2517 18/02/2016 -ൽ മറുപടിയ്ക്ക്

### പട്ടികജാതി വിഭാഗക്കാർക്കായി ചികിത്സാ ധനസഹായം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ. വി.പി. സജീന്ദ്രൻ<br>ശ്രീ. കെ.മുരളീധരൻ<br>ശ്രീ. കെ.ശിവദാസൻ നായർ | | **ശ്രീ.എ.പി. അനിൽകുമാർ,**<br>(പട്ടികജാതി-പിന്നാക്ക സമുദായക്ഷേമവും, വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| എ) | സംസ്ഥാനത്ത് പട്ടികവിഭാഗ ക്കാർക്കായി ചികിത്സാ ധന സഹായത്തിന് എന്തെല്ലാം കർമ്മപദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; | എ) | പട്ടികജാതി വികസന വകുപ്പിൽ നിന്നും പട്ടികവിഭാഗക്കാരുടെ ചികിത്സയ്ക്കായി പട്ടികജാതി വികസന വകുപ്പ് മന്ത്രിയുടെ ഔദ്യോഗിക നാമധേയത്തിൽ രൂപീകരിച്ചിട്ടുള്ള ദുരിതാശ്വാസനിധിയിൽ നിന്നും 09/01/1998-ലെ സ.ഉ.(കൈ)നം. 1/98/പജപവവിവ പ്രകാരം 1998 മുതൽ 25,000/- രൂപ വരെ ചികിത്സാധനസഹായമായി അനുവദിച്ചു വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 20/09/2012-ലെ സ.ഉ.(കൈ) 128/12/പജപവവിവ പ്രകാരം ചികിത്സാ ധനസഹയം 50,000/- രൂപയായി വർദ്ധിപ്പിക്കുകയും ടി ധനസഹായത്തിന് അപേക്ഷിക്കുന്നതിനുള്ള വരുമാന പരിധി 50,000/- രൂപയായും വർദ്ധിപ്പിച്ചു. കൂടാതെ ക്യാൻസർ, ഹൃദയശസ്ത്രക്രിയ, വൃക്കമാറ്റിവയ്ക്കൽ, ഡയാലിസിസ്, ബ്രെയിൻട്യൂമർ, പക്ഷാഘാതം, ഹീമോഫീലിയ തുടങ്ങിയ മാരക രോഗങ്ങളുടെ ചികിത്സയ്ക്കായി നിർധന രോഗികൾക്ക് ഒരു ലക്ഷം രൂപ വരെ ബന്ധപ്പെട്ട ആശുപത്രി മുഖേന അനുവദിച്ചു വരുന്നുണ്ട്. |
| ബി) | എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനു ദ്ദേശിക്കുന്നത്; | ബി) | നിർദ്ധനരും, മാരകരോഗം ബാധിച്ചവരുമായ പട്ടികജാതിക്കാരുടെ ആരോഗ്യ പരിപാലനമാണ് ടി പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. |

| | | | |
|---|---|---|---|
| സി) | ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | സി) | പദ്ധതി നടപ്പിലാക്കുന്നതിനായി ജില്ലാ പട്ടികജാതി വികസന ആഫീസർമാർക്ക് തുക അനുവദിച്ചു നൽകുകയും, ജില്ലാ ആഫീസർമാർ തുക മാറി ഡി.ഡി.അക്കൗണ്ടിൽ നിക്ഷേപിച്ച് ബന്ധപ്പെട്ട അപേക്ഷകർക്ക് നേരിട്ടോ, ചെക്കായോ, അല്ലെങ്കിൽ ബന്ധപ്പെട്ട ബ്ലോക്ക്/നഗരസഭ പട്ടികജാതി വികസന ഓഫീസർ മുഖാന്തിരമോ ധനസഹായം വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>അപേക്ഷകർ ജില്ലാ ഓഫീസുകളിലെത്തി തുക കൈപ്പറ്റുന്നതിനുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനും, തുക വിതരണത്തിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനുമായി ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർമാരുടെ പേരിൽ TSB അക്കൗണ്ട് ആരംഭിച്ച് ധനസഹായ വിതരണത്തിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.